വർണ്ണ ചിറകുകൾ

# Digital Magazine
## 2023-24

# ജി.എച്ച്.എസ്.എസ്. ചെറുന്നിയൂർ




# വർണ്ണ ചിറകുകൾ

ലിറ്റിൽ കൈറ്റ്സ്

**Lk/2018/42068**

# സന്ദേശം

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്റെ അണിയറ പ്രവർത്തകർക്കും അതിനു പിന്നിൽ അവരുടെ കഴിവിന് പ്രോത്സാഹനവും പിന്തുണയും നൽകിയ എല്ലാ അധ്യാപകർക്കും വിജയാശംസകൾ നേരുന്നു.

എല്ലാ ഭാവുകങ്ങളും ആശംസകളും....

മിനി. ജി.നായർ

പ്രഥമാധ്യാപിക

# അവതാരിക

ചെറുന്നിയൂർ ഗവൺമെന്റ് ഹൈസ്‌കൂളിലെ പ്രതിഭ സമ്പന്നരായ വിദ്യാർത്ഥികൾ എഴുതിയ ഒരു നല്ല ഡിജിറ്റൽ മാഗസിനാണിത്. ചെറുന്നിയൂർ സ്‌കൂളിന്റെ മഹത്വം, ചിരിയുടെ പ്രാധാന്യം ,പ്രകൃതി, വിദ്യാഭ്യാസ ത്തിന്റെ പ്രധാന്യം ,സമയത്തിന്റെ പ്രാധാന്യം എന്നിവയെ കുറിച്ച് കുട്ടികൾ അറിയാൻ ശ്രമിച്ചിട്ടുണ്ട്. സ്‌കൂളിലെ പ്രവർത്തന മേഖലയിലേക്ക്  എത്തി നോക്കാനും ഈ മാഗസിൻ സഹായിക്കുന്നു. ഈ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖ പെടുത്തുന്നു.



# എഡിറ്റോറിയൽ ബോഡ്.

റാണ എസ് രാജ്

അനുഗ്രഹ . ബി.എസ്

മനു രാജ്

സനിത്ര വി.എസ്

കീർത്തന എസ്.ബി.

ശ്രീഹരി എസ്

ആർഷ അനിൽ

ദുർഗ സജീവ്

അനുപമ കിഷോർ



സച്ചിൻ എ.എസ്.

Staff Editor



അനഘ എസ്

Student Editor

# ഉള്ളടക്കം.

സ്ക്കൂളിനെ കുറിച്ച് .
കുഞ്ഞി പട്ടത്തിന്റെ യാത്ര .
ഗാന്ധിജിയുടെ മഹത് വചനങ്ങൾ .
കടങ്കഥകൾ.
ഭൂമിയുടെ രോധനം .
ഞാൻ കണ്ട മഴ.
എന്റെ വിദ്യാലയം.
വായനയുടെ വാതിലിലേക്ക് .
Glares of Raw.
Power of time.
Importance of education.
Importance of role of nature.
The power of smile.
Artificial intelligence.
സ്ക്കൂൾ പ്രവർത്തന റിപ്പോർട്ട് .
ഗാന്ധി ദർശൻ .




# സ്കൂളിനെ കുറിച്ച്......

ഗവൺമെന്റ് ഹൈസ്കൂൾ സ്ഥാപിതമായത് 1976 ലാണ്. ഇവിടെയുള്ള ആളുകളേറെയും കയർ മേഖലയിലേയും കാർഷിക മേഖലയിലേയും തൊഴിലാളികളായിരുന്നു. അവരുടെ ഒരു ചിരകാല സ്വപ്നമായിരുന്നു ഇവിടെ ഒരു ഹയർ സെക്കണ്ടറി സ്കൂൾ ഉണ്ടാവുക എന്നുള്ളത്. അവർക്ക് അഞ്ചോ ആറോ കിലോമീറ്ററുകൾ സഞ്ചരിച്ച് വേണമായിരുന്നു സ്കൂളിലെത്താൻ.
ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ഈ ഹൈസ്കൂൾ വിദ്യാലയം ഹയർ സെക്കൻഡറി 2014 ലാണ് . എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ഈ സ്കൂളിൽ എട്ടാം ക്ലാസ് മുതൽ ഇംഗ്ലീഷും മലയാളം മീഡിയത്തിലും കുട്ടികൾ പഠിക്കുന്നുണ്ട്. കഴിഞ്ഞവർഷം 100% വിജയം കരസ്ഥമാക്കി സ്കൂൾ അതിന്റെ ജൈത്ര യാത്ര തുടരുന്നു . ചെറുന്നിയൂർ ഒരു കലാ ഗ്രാമമാണ് . കലയെ പ്രോത്സാഹിപ്പിക്കുന്ന ഒരു ജനക്കൂട്ടം ആണ് ഈ ഗ്രാമത്തിലുള്ളത് . അതുകൊണ്ടുതന്നെ അങ്ങേയറ്റം പരിപോഷിപ്പിക്കാൻ ചെറുന്നിയൂർ സ്കൂളിലെ ഓരോ അധ്യാപകനും രക്ഷകർത്താക്കളും ശ്രദ്ധിക്കാറുണ്ട് . പാഠ്യപാഠേതര വിഷയങ്ങൾക്കും മുൻതൂക്കം കൊടുക്കുന്ന വിദ്യാലയമാണിത്. 2018 മുതൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ആരംഭിച്ചു.

# കുഞ്ഞി പട്ടത്തിന്റെ യാത്ര........

ഗവൺമെന്റ് ജിഎച്ച്എസ്എസ്  2018 മുതൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ആദ്യ ഘട്ടത്തിൽ 20 കുട്ടികളെ തിരഞ്ഞെടുത്തു. ഇപ്പോൾ 8, 9, 10 ക്ലാസ്സുകളിലായി നിരവധി കുട്ടികൾ കൈറ്റിൽ അംഗമാണ്. നിലവിൽ 8-ാം കാസ്സിൽ 21 കുട്ടികൾ, 9-ൽ 29, 10-ൽ 23 കുട്ടികൾ ക്ലബിൽ പ്രവർത്തിച്ച് വരുന്നു. സംരഭത്തിന് ചുക്കാൻ പിടിക്കുന്നത് സച്ചിൻ സാറും , രേവതി ടീച്ചറുമാണ്. സൈബർ സുരക്ഷ , മൊബൈൽ ആപ് നിർമാണം, മലയാളം കംപ്യൂട്ടിംഗ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു. ഹൈടെക് പ്രവർത്തനങ്ങൾ നടക്കുന്നത് കുട്ടികളുടെ ഐടി അധിഷ്ഠിത മായിട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങൾ ഭാഗമാകാറുണ്ട്. പ്രധാന അധ്യാപികയുടെയും പിടിഎയുടെയും പൂർണ്ണ സഹകരണം ഈയൊരു സംരംഭം വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. 2024 രണ്ട് കുട്ടികളെ അനിമേഷനും പ്രോഗ്രാമിനും നും ആയി ജില്ലാ ക്യാമ്പിൽ  പങ്കെടുക്കാൻ കഴിഞ്ഞത് അഭിമാന നേട്ടമായി കരുതുന്നു. ക്യാമറ ഉപയോഗിച്ച് വാർത്തകൾ , ഡോക്യുമെന്ററികൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നുണ്ട്.

**രേവതി .എസ്.**
LK Mistress

**സച്ചിൻ എ.എസ്.**
LK Master

# ഗാന്ധിജിയുടെ മഹത് വചനങ്ങൾ

"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

"ഓരോ വീടും ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ അധ്യാപകരും"

"ലക്ഷ്യം കണ്ടെത്തുക
മാർഗങ്ങൾ പിന്തുടരുക"

"നല്ല മനുഷ്യൻ എല്ലാ
ജീവജാലങ്ങളുടെയും സുഹൃത്ത് "

"ചിന്തിക്കാൻ അറിയുന്നവർക്ക്
അധ്യാപകരെ ആവശ്യമില്ല"

"പ്രവർത്തിക്കുക അല്ലെങ്കിൽ
മരിക്കുക"

"ഞാൻ ഒരു പടയാളിയാണ്
സമാധാനത്തിന്റെ പടയാളി"

അക്ഷര . ആർ .എ

# കടങ്കഥകൾ

അകത്തു തിരി തെറുത്തു , പുറത്ത് മുട്ടയിട്ടു.
കുരുമുളക്

അച്ഛനൊരു പട്ടു തന്നു , മുക്കീട്ടും മുക്കീട്ടും നനയുന്നില്ല.
താമരയില


അടയ്ക്കും തുറക്കും കിങ്ങിണി പത്തായം.
കണ്ണ്

ആന കൊമ്പിൽ പൊടിയരി .
വഴുതനങ്ങ

അപ്പം പോലെ കാലുണ്ട് അൽപ്പം മാത്രം കാലുണ്ട്.
ആമ

അമ്മ ശയ്യയിൽ, മകൻ നൃത്തശാലയിൽ .
അമ്മി അമ്മി കുട്ടി .

അമ്മയെ കുത്തി മകൻ മരിച്ചു –
തീപ്പട്ടി ക്കമ്പ്



# ഭൂമിയുടെ രോദനം

അരുതെ പ്ലാസ്റ്റിക്ക്
വലിച്ചെറിയരുതെ
എറിയഞ്ഞ് ഭൂമിയുയെ
നശിപ്പിക്കല്ലെ
അമ്മയേ ...... പ്രകൃതിയാം
മാതാവിനെ

ഒരു കുന്ന് മാലിനം
വലിചെറിയരുത്
അലസമായുള്ളോരി ജീവിതം
ഇനി
എങ്ങനെയാം
എങ്ങനെനെങ്ങനെയാം

ഒരു കുന്ന് മാലിനം
വലിചെറിയരുത്
അലസമായുള്ളോരി ജീവിതം
ഇനി
എങ്ങനെയാം
എങ്ങനെനെങ്ങനെയാം

അമ്മയാം ഭൂമിയെ
നശിപ്പിച്ചീടുന്ന
വില്ലനാം പ്ലാസ്റ്റിക്കിനെ ......
എന്തിനു നാം ഉപയോഗിക്കുന്നു
അമ്മയാം ഭൂമിയെ
നശിപ്പിച്ചീടുന്ന
വില്ലനാം പ്ലാസ്റ്റിക്കിനെ ......
എന്തിനു നാം ഉപയോഗിക്കുന്ന

വേണ്ടന്ന് വെയ്ക്കുക......
വില്ലനെ നശിപ്പിക്കുക......

മണ്ണോടു മണ്ണാവാത്ത
മണ്ണാടു ചോരാത്ത വില്ലനാം
പ്ലാസ്റ്റിക്ക്
ഉപേക്ഷിച്ചീടാം......
ഉപേക്ഷിച്ചീടാം

കാത്തിടാം കാവലായിടാം
ഭൂമിയ്ക്ക് അമ്മയാം പ്രകൃതി
മാതാവിനെ
അമ്മയാം പ്രകൃതി മാതാവിനെ

**ആതിര രാജേഷ്**

# ഞാൻ കണ്ട മഴ

മഴ പെയ്യുന്നു മഴ പെയ്യുന്നു
കിണറും കുളവും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
വയലും തോട്ടും നിറയുന്നു

മഴ പെയ്യുന്നു മഴ പെയ്യുന്നു
പുഴും കരയും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
മരവും ചൊടിയും നിറയുന്നു

മഴ വന്നല്ലോ
വഴിയും കുഴിയും നനഞ്ഞ
മഴ വന്നല്ലോ    മഴ വന്നല്ലോ
പൂവും കായും നനഞ്ഞ

കാറ്റും മഴയും വന്നല്ലോ
മിന്നലും ഇടിയും വന്നല്ലോ
മുറ്റം നിറയെ മഴവെള്ളം
കളിവള്ളങ്ങൾ പോകുന്നു
കളിവള്ളങ്ങൾ പോകുന്നു

-ചിരന്തന



# എന്റെ വിദ്യാലയം

*ജീവിതത്തിൽ വിജയം കൈവരിക്കാൻ ഇന്ന് വിദ്യാഭ്യാസം വളരെ പ്രദാനമാണ് നല്ല കഴിവുകളും, ശീലങ്ങളും വളർത്തിയെടുക്കാൻ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു.

* വിദ്യാഭ്യാസം നേടുന്നതിനുള്ള ഏറ്റവും മികച്ചതും പ്രാഥമികവുമായ സ്ഥലമാണ് വിദ്യാലയം.വിദ്യാഭാസംമാത്രമല്ല കുട്ടികളിൽ നിരവധി കഴിവുകൾ വികസിപ്പിക്കുകയും നല്ലവ്യക്തിത്വംവളർത്തിയെടുക്കാൻ ചെയുന്ന ഇടമാണ് വിദ്യാലയങ്ങൾ.

*നമ്മൾ ആസ്വദിച്ചുപഠിക്കുന്നു.അതുകൊണ്ടാണ് സ്കൂൾ ജീവിതം നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രശസ്തമായ സ്കൂളുകളിൽ ഒന്നാണ് എന്റെ സ്കൂൾ. ഇത് വളരെ മനോഹരവും വലുതുമാണ്.

*എന്റെ സ്കൂളിലെ അന്തരീഷം സന്തോഷകരമാണ് ഞങ്ങൾ എല്ലാ വിദ്ധ്യാർത്ഥികളും, ബാഡ്മിന്റൺ, ബാസ്കറ്റ്ബാൾ,ക്രിക്കറ്റ്  തുടങ്ങിയ വ്യത്യസ്ത ഗെയിംമുകൾ കളിക്കുന്ന ഒരു കളിക്കളം ഉണ്ട്. ഞങ്ങൾക്ക് ഒരു പ്രേത്യേക ബാസ്കറ്റ്ബാൾ,ടെന്നീസ്കോർട്ട്  കൂടാതെ കുട്ടികൾക്കായി ചെറുതും മനോഹരവുമായ പൂത്തോട്ടവും ഉണ്ട്.

ദേവിക നാഥ്



# വായനയുടെ വാതിലിലേക്ക്

വായിക്കേണം നാം വായിക്കേണം
വായന ശീലമക്കേണം
വായന  അറിനിൻ വഴിക്കാട്ടി
വിദ് പകരും വഴിക്കാട്ടി
പുസ്തകങ്ങളാകും  ചിപ്പികളിൽ
ജ്ഞാനമാകും അറിവിൻ മുത്തുകൾ
വായക്കുക നാം;വിദ്യ
പകരുക നാം;വിവേകം
നേടുക നാം......
വായന അറിവിൻ സബത്ത്
വായനശീലം വിവേകിതൻ സ്വർലോകം
വായന ചിത്തതിൻ അന്ധത-
ത്തൻ ഔഷധം
വായന അറിവിൻ സബത്ത്
പുസ്തകങ്ങൾ അറിവിൻ സ്വർലോകം.
വായിക്കണം നാം നായിക്കണം
വായസ തൻ വാതിൽ കടക്കേണം................

മിത്ര

# മനസ്



ആരോ  പറഞ്ഞ വാക്കാണ്.
തേങ്ങലെന്നോ വിങ്ങലന്നോ
നീ എന്നെ തലോടുന്നു , വഴക്കിടുന്നു.
ആരാ നീ.........
നീയാണോ മനസ്

എന്തേ നീ എന്നെ കണ്ടില്ല......
ഇത്ര നാൾ ഞാൻ ഒറ്റക്ക് കരത്തിലെ
മനസേ വരൂ......
വിട്ടു പോകരുത്.
താങ്ങായി തണലായി കൂടെ വേണം

**ഹസ്ന . ട**

# Glares Of Raw

**She stood still aloof**
**the broken mirror,**
**like a ‘tarnished sapplire’**
**Glancing over her rows,**
**Mumbling the bygone mowins**
**Brown shimmery eyes all dampened**
**Ruddy braids dangled the thorny-torns**
**A strand of glare tried to woe,**
**but flashed on the cuts,**
**recalling the dreadful night.**

**The dusk that never setteled in hers**
**Flashes in her the glares**
**of raw and grims**
**“you are broken Maiden”!**
**-mumbled the pieces ruthlessly**
**She glanced again**
**Shrunk Soul began to sing**
**in the fluting wares**

**- HAFNA**



# Power of Time

**In previous time many kings proclaim themselves as the ruler of their age and all. But, they forget that they have limited time. Time is the only thing in the world that is limitless. Time can make you a king or a beggar in a movement of seconds.**

**In conclusion, we can say that time is the greatest gift of God. Moreover, there is a saying that "if you waste time, time will waste you." Only this line is enough to justify how important and valuable time is precious.**

**Sanithra V S**



# IMPORTANCE OF EDUCATION

**Education is the most important thing in our life. It impress our knowledge,skills and attitude. It beings a great change in our life. It makes our life prosperous and meaningful. It is the foundation of human development. It prepares us to face the word. It is said that education is the third eye of human beings.**

**Education teaches us to be polite. When you are educated you know,when to speak and when to remain silence. Education is most powerful weapon to change the world. Education is the property where ever we go. It is a ray or light in the darkness. It certainly is a hope for a good life.**

**Education is only thing that have no distranlages while getting education,you loose nothing. It is the single doors to prosperity and is the key to success.**

**Education brings happiness in our life. An educated person always respected everywhere. People treat well him in the study.**

**SAJITHRA.V.S**

**IXC**



# Importance And Role Of Nature

**The importance of nature is unparalleled. It gives us necessities like food, air, and water. We breathe oxygen given by plants, and plants take in the carbon dioxide we breathe out. This is a simple example of how nature balances everything. You can understand its importance from the fact that poets and writers have written exceptional pieces about mother nature. Writers and poets like Rudyard Kipling, William Wordsworth, Emily Dickinson, Robert Frost, and many more gave us beautiful poems and proses to make us understand the value of nature. Their writings compel us to be closer to nature and lead a happy & healthy life. Being closer to nature can heal our prolonged illness and make us fit as a horse.**

**The services of nature can be categorised as provisional, regulating, and non-material. Provisional services are those activities that give direct benefits from nature like food, water, medicinal plants, and many more. The regulating services include regulation of natural activities like water purification, decomposition, climate regulation, and many more. The non-material service includes recreational activities like interaction with nature to explore advents of art, music, culture, and more.**

**ജീഷ എസ്**



# THE POWER OF SMILE

A smile on face makes man different from the animals. It makes one beautiful and attractive too. If a person does not smile it is very difficult. In such cases, it will be difficult to deal with them.

A man who cannot smile cannot enjoy life. We have seen using different kinds of cosmetics. They spend a lot of money for that. Smile is the best cosmetics that makes our faces beautiful. Moreover,it is not expensive too. We can wear a smile on face without paying anything.

A smile is a powerful weapon too. We can use it to deal with our enemies. When someone gets angry,try this new weapon,a smile. You will turn the enemy into a friend. The words of  Gandhiji are very important here. He says “you are not fully dressed till you were a smile on your face.”

We are there in this world just for a few years. Why should we waste our lives in quarrelling and fighting? Why should we have a sad and sorrowful face? Just be friendly with everyone. Keep a smile on the face. A smile on the face will give you many friends. You can smile at others and they too will be happy.



-ANUGRAHA.B.S
IXC

# Artificial Intelligence

John McCarthy is considered as the father of Artificial Intelligence. John McCarthy was an American computer scientist. The term "artificial intelligence" was coined by him. He is one of the founder of artificial intelligence, together with Alan Turing, Marvin Minsky, Allen Newell, and Herbert A.

Artificial intelligence is the simulation of human intelligence processes by machines, especially computer systems. Specific applications of AI include expert systems, natural language processing, speech recognition and machine vision.AI is being used in a wide variety of industries today, including: Healthcare: It is being used to develop new drugs and treatments, diagnose diseases, and provide personalized care. Finance: It is being used to detect fraud, manage risk, and provide investment advice.

Artificial intelligence (AI) has a bright future, but it also faces several difficulties. AI is predicted to grow increasingly pervasive as technology develops, revolutionising sectors including healthcare, banking, and transportation.
The following are the primary advantages of AI: AI drives down the time taken to perform a task. It enables multi-tasking and eases the workload for existing resources. AI enables the execution of hitherto complex tasks without significant cost outlays.

Unveiled in June 2022, Mika was created by Anthropic, an AI safety startup, in partnership with Dictador's parent company Carta Holdings. Her role involves generating creative ideas, identifying business opportunities, and overseeing operations for the rum and gin brand.




അനഘ

# ജി.എച്ച്.എസ്.എസ്. ചെറുന്നിയൂർ

## പ്രവർത്തന റിപ്പോർട്ട് 2023-24

2023-24 അധ്യായന വർഷത്തെവിദ്യാലയ പ്രവർത്തനങ്ങളുടെ ചുരുക്കമാണിത്. പൊതുവിദ്യാലയങ്ങൾ സാമൂഹ്യ കൂട്ടായ്മയിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും കൂടുതൽ തിളക്കമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

### പ്രവേശനോത്സവം

2023 - 24 അധ്യായന വർഷത്തെ സ്കൂൾ പ്രവേശനോത്സവം 2023 ജൂൺ ഒന്നിന് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ശശികല ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർമാർ , പി.ടി.എ പ്രസിഡൻറ് , ഹെഡ്മിസ്ട്രസ് എന്നിവർ ആശംസകൾ നേർന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾ, പായസം വിതരണം തുടങ്ങിയവ സംഘടിപ്പിച്ചു .എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ കുട്ടികളെ അനുമോദിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

### ലൈബ്രറി

വായന മനസ്സിൽ സൃഷ്ടിക്കുന്ന ചലനം ഒന്ന് വേറെ തന്നെയാണ്. സ്കൂൾ ലൈബ്രറിക്കൊപ്പം ക്ലാസ് ലൈബ്രറിയും സ്കൂളിൽ സജീവമാണ്. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ലൈബ്രേറിയൻ ഉണ്ട്.

### ഉച്ച ഭക്ഷണം

സ്കൂളിൽ ഉച്ചഭക്ഷണം എട്ടാം ക്ലാസിലെ കുട്ടികൾക്ക് നൽകിവരുന്നു. പോഷകസമൃദ്ധമായ ആഹാരമാണ് കുട്ടികൾക്ക് നൽകിവരുന്നത്. എട്ടാം ക്ലാസിലെ കുട്ടികൾക്ക് ആഴ്ച്ചയിൽ ഒരു ദിവസം മുട്ടയും രണ്ടുദിവസം ഒരു ഗ്ലാസ് പാൽ വീതവും നൽകിവരുന്നു. കൂടാതെ മാസത്തിലൊരിക്കൽ നോൺവെജ് വിഭവവും ഉൾപ്പെടുത്താറുണ്ട്.

### ക്ലബ്ബ് പ്രവർത്തനം

വിദ്യാരംഗം ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി, എസ്.പി.സി., സയൻസ് ക്ലബ്, ഇംഗ്ലീഷ് ക്ലബ്, ഗോടെക്, ഹിന്ദി ക്ലബ് , ഗാന്ധി ദർശൻ, സോഷ്യൽ സയൻസ് ക്ലബ്, സ്പോർട്സ് ക്ലബ്, എക്കോ ക്ലബ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ സ്കൂളിൽ നടന്നു വരുന്നു.

## ദിനാചരണങ്ങൾ

പഠന പ്രവർത്തനത്തിന്റെ ഭാഗം എന്ന നിലയിൽ ദിനാചരണങ്ങൾ വിദ്യാലയത്തിൽ സമുചിതമായി ആഘോഷിച്ചു .വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലാണ് ഇത് സ്കൂളിൽ സംഘടിപ്പിക്കുന്നത്. പ്രധാനമായും സ്കൂൾ അസംബ്ലിയാണ് പ്രയോജനപ്പെടുത്തുന്നത്. പ്രവേശനോത്സവം, പരിസ്ഥിതി ദിനം, ഓണം, ക്രിസ്തുമസ്, കർഷകദിനം, ജനസംഖ്യാദിനം, യോഗദിനം, ഹിന്ദിദിനം, ശിശുദിനം, ഗാന്ധിജയന്തി, എ.പി.ജെ.അബ്ദുൽ കലാം ദിനം തുടങ്ങി എല്ലാ ആഘോഷങ്ങളും പഠന അനുഭവമാക്കി മാറ്റാൻ വിദ്യാലയത്തിന് കഴിഞ്ഞു. അതുപോലെതന്നെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ മേഖലകളിലുള്ളവരെ ആദരിക്കുകയും ചെയ്തു.

## അക്കാദമിക പ്രവർത്തനം

അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനമാണ് സ്കൂളിൽ നടത്തുന്നത്.

സ്കൂൾ പ്രവർത്തനസമയം രാവിലെ 9. 30 മുതൽ 3. 30 വരെയാണ് .

സ്കൂൾ പ്രവർത്തന സമയത്തിന് പുറമേ സേവന സന്നദ്ധരായ അധ്യാപകരുടെ നേതൃത്വത്തിൽ ശ്രദ്ധ, വിദ്യാജ്യോതി, അക്ഷര ക്ലാസ് തുടങ്ങിയവ ദിവസവും സ്കൂളിൽ കുട്ടികൾക്ക് നൽകിവരുന്നു.

ബഹുമാനപ്പെട്ട DEO നിർദ്ദേശപ്രകാരം 100% വിജയം കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രത്യേകം തയ്യാറാക്കിയ മോഡ്യൂൾ അനുസരിച്ച് ഈ വർഷത്തെ എസ്.എസ്.എൽ.സി കുട്ടികൾക്ക് റിവിഷൻ ക്ലാസുകൾ നൽകിവരുന്നു.

സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികൾക്കും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ 'സത്യമേവ ജയതേ' ക്ലാസ്സുകൾ സംഘടിപ്പിച്ചു.

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ആശ്രയ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഒരു കാക്കാരശി നാടകം അവതരിപ്പിച്ചു. ഇത് കുട്ടികൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു.

ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിലും ലഹരി വിരുദ്ധ ക്ലാസുകൾ നടത്തി. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ ചങ്ങല, ഫ്ലാഷ് മോബ്, നൃത്തം എന്നിവ സ്കൂളിൽ സംഘടിപ്പിച്ചു.

വിമുക്തിപദ്ധതിയുടെ ഭാഗമായി വിജിലൻസിൽ നിന്നും എക്സൈസുകാർ കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലാസുകൾ നൽകി.

കേഡിസ്ക് ഭാഗമായുള്ള വൈ.ഐ.പി. ക്ലാസുകൾ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് മാരുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ്സുകൾക്കും നൽകി.

ലാബ് - കുട്ടികൾക്ക് മികച്ച പഠന അനുഭവങ്ങൾ നൽകാനായി സയൻസ് ലാബ്, സോഷ്യൽ സയൻസ് ലാബ് എന്നിവ മികച്ച രീതിയിൽ സ്ക്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

വിനോദയാത്ര - മാനസിക ഉല്ലാസത്തിനും മാനസിക വികസനത്തിനുമായി സ്ക്കൂളിൽ വിനോദയാത്ര സംഘടിപ്പിച്ചു.

പ്രാചീന ചരിത്രരചന - സ്ക്കൂളിനേയും പ്രദേശത്തേയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ കുട്ടികൾ പ്രാദേശിക ചരിത്ര രചന രചിച്ചു.

ദേശീയ ബാലശാസ്ത്ര കോൺഗ്രസിന്റെ ഭാഗമായി സ്ക്കൂൾ പരിസരത്ത് കാവുകളും അവ തദ്ദേശീയരായ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെ കുറിച്ച് പഠനം നടത്തുകയും പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## ഇൻസ്പെയർ അവാർഡ്

തുടർച്ചയായി നാലാം തവണയും ഇൻസ്പെയർ അവാർഡ് എന്ന നേട്ടം കുട്ടികൾ കരസ്ഥമാക്കി.

## ഗോടെക്

ആറ്റിങ്ങൽ ഡയറ്റ് സംഘടിപ്പിച്ച ഗോടെക് പ്രോഗ്രാമിൽ ഹോട്ട് സീറ്റ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## ഐ.സി.റ്റി.

കമ്പ്യൂട്ടർ അധിഷ്ഠിതമായ പഠനമാണ് എല്ലാ ക്ലാസുകളിലും നടക്കുന്നത് .സ്ക്കൂളിൽ കമ്പ്യൂട്ടറുകൾ എല്ലാ വിഷയങ്ങളിലും അധ്യാപകർ കുട്ടികൾക്കായി പ്രയോജനപ്പെടുത്തുന്നു. ഐടി മേളയുടെ ഭാഗമായി ഡിജിറ്റൽ പെയിൻറിംഗ് , മൾട്ടിമീഡിയ , പ്രസന്റേഷൻ ,മലയാളം ടൈപ്പിംഗ് എന്നീ മത്സരങ്ങൾ നടത്തുകയുണ്ടായി. വിവിധ മത്സരങ്ങളിൽ സ്ക്കൂളിന് മികച്ച വിജയം കൈവരിക്കാൻ കഴിഞ്ഞു.

## കായികരംഗം

കളിസ്ഥലത്തിന്റെ അഭാവം ഉണ്ടെങ്കിലും സ്ക്കൂളിലെ കുട്ടികൾ സബ്ജില്ലാ, റവന്യൂ ജില്ലാതലങ്ങളിൽ ഒട്ടേറെ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയുണ്ടായി. ചെസ്സ്, ബാഡ്മിൻറൺ, ക്രിക്കറ്റ്, ടേബിൾ ടെന്നിസ്, അത്‌ലറ്റിക്സ് എന്നീ ഇനങ്ങളിൽ കുട്ടികളെ സ്ക്കൂളിൽ നിന്ന് പങ്കെടുപ്പിച്ചു. വിവിധ മത്സരങ്ങളിൽ സ്ക്കൂളിന് വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ശാസ്ത്രമേള

വിവിധ വിഷയങ്ങളുടെ മികവുകൾ പ്രകടിപ്പിക്കാനും പ്രദർശിപ്പിക്കാനും വളരെ വിപുലമായ എക്സിബിഷൻ 2023-24 അധ്യായന വർഷം സംഘടിപ്പിച്ചു. കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ വർക്ക് എക്സ്പീരിയൻസിന്റെ വിപുലമായ മേള തന്നെ ഒരുക്കിയിരുന്നു. ശാസ്ത്രമേളയിലും നമ്മുടെ കുട്ടികൾ മത്സരിക്കുകയും റവന്യൂ ജില്ലാതല മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.

## പി.ടി.എ. മീറ്റിങ്

സ്കൂളിന്റെ മികവുറ്റ പ്രവർത്തനങ്ങൾക്കായി നിരന്തരം പിടിഎ മീറ്റിങ്ങുകളും ഈ വർഷം സംഘടിപ്പിക്കുകയുണ്ടായി.

ആസൂത്രണമികവോടെ ചിട്ടയായ , മാതൃകാപരമായ പ്രവർത്തനത്തിലൂടെയും ഓരോ ക്ലാസിലെയും പഠന നേട്ടം ഉറപ്പിക്കാൻ ഈ വർഷം കഴിഞ്ഞിട്ടുണ്ട് എന്ന് കരുതുന്നു.



# ഗാന്ധിദർശൻ

**ജി എച്ച് എസ് എസ് ചെറുന്നിയൂർ.**

വർക്കല ഉപജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിലുള്ളള്ള സ്കൂളാണ് ചെറുന്നിയൂർ.ഗാന്ധിയൻ ദർശനങ്ങൾ സ്കൂളിൽ എത്തിക്കാൻ വേണ്ടിയാണ് ഗാന്ധിദർശൻ ക്ലബ്ബ് ലക്ഷ്യമിടുന്നത്. ഗാന്ധിജിയുടെ മൂല്യങ്ങളും ആദർശങ്ങളും കുട്ടികളിൽ എത്തിക്കാനായി സ്കൂൾ അധ്യായന വർഷത്തിൽ തന്നെ സ്കൂൾ തല ഗാന്ധി ദർശൻ ക്ലബ് ആരംഭിച്ചു.പ്രഥമ അധ്യാപകരുടെ യോഗം  ശനിയാഴ്ച ഓൺലൈനായി സംഘടിപ്പിച്ചു. രഘുപതി രാഘവ രാജാറാം  എന്ന ഗാന്ധിയൻ ഗാനത്തോട് കൂടിയാണ് യോഗം ആരംഭിച്ചത്. ജോസഫ് പുളിക്കൽ സാറിൻറെ അധ്യക്ഷതയിലാണ് യോഗം ആരംഭിച്മുതുകാട് സാറിൻറെ നിര്യാണത്തിൽ മൗനാചരണം നടത്തുക ഉണ്ടായി.പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിച്ചു.  ഗാന്ധിദർശന്റെ ലക്ഷ്യങ്ങളെ പറ്റി ഓരോ പ്രഥമ അധ്യാപകരെയും ബോധവാന്മാരാക്കുന്ന രീതിയിലായിരുന്നു പ്രഥമ അധ്യാപകരുടെ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചത്.

**സ്കൂൾതല ഗാന്ധിദർശൻ സമിതി**
HM - മിനി ജി നായർ
PTA President – രജനി അനിൽ
SRG കൺവീനർ - സച്ചിൻ
സ്റ്റാഫ് സെക്രട്ടറി - ഷൈൻ സി സേനൻ
മെമ്പർ - ഷിബു തങ്കൻ
കൺവീനർ - രേവതി എസ് രാജേന്ദ്രൻ
കോർഡിനേറ്റർ - ദിവ്യ എസ്

## ഗാന്ധിജയന്തി ദിനാചരണം

ഒക്ടോബർ 2 ഞായറാഴ്ചയായിരുന്നു ഗാന്ധിജയന്തി .ഗാന്ധിജയന്തി ദിവസം  പുഷ്പാർച്ചന, സർവ്വമത പ്രാർത്ഥന, ഗാന്ധി ഗാനാഞ്ജലി ,ഗാന്ധിജയന്തി സന്ദേശം പ്രതിജ്ഞ, ശുചീകരണം എന്നിവ സ്കൂളിൽ സംഘടിപ്പിച്ചു

## തനത് പ്രവർത്തനം

ഒക്ടോബർ 2 മുതൽ സ്കൂളിൽ ഏറ്റെടുത്ത തനത് പ്രവർത്തനം പ്ലാസ്റ്റിക് നിരോധനം എന്നുള്ളതാണ്. സ്കൂൾ കോമ്പൗണ്ടിൽ പ്ലാസ്റ്റിക് കൊണ്ട് കയറാൻ പാടില്ല എന്ന് കുട്ടികളെ ബോധവൽക്കരിച്ചു. ഒക്ടോബർ രണ്ടിന് നാശാമുക്ത് ഭാരത് അഭിയാന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളിൽ സംഘടിപ്പിച്ചു.
പ്രതിജ്ഞ,
ലഹരി വിരുദ്ധ ചങ്ങല ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ
തുടങ്ങി വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ സംഘടിപ്പിച്ചു . 5/11/22ൽ കുട്ടികൾക്ക് ഓൺലൈൻ ആയി ഒരു ബോധവൽക്കരണ ക്ലാസ് ഗാന്ധിദർശൻ സംഘടിപ്പിക്കുകയുണ്ടായി ശുചിത്വത്തെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാനും ഇതിൽനിന്ന് കഴിഞ്ഞു.

**അധ്യാപകപരിശീലനം**

30/7/ 2022 7pm അധ്യാപക പരിശീലനം ഓൺലൈൻ ആയി സംഘടിപ്പിച്ചു. അധ്യാപക പരിശീലനത്തിന്റെ അധ്യക്ഷൻ ജേക്കബ് പുളിക്കൽ സർ ആയിരുന്നു .ഉദ്ഘാടനം ഡോക്ടർ രാധാകൃഷ്ണൻ സർ ആയിരുന്നു. പാഠപുസ്തക പരിചയം നടത്തിയത് ജയചന്ദ്രൻ സാർ ആയിരുന്നു .ഗാന്ധി ദർശനെ കുറിച്ച് അധ്യാപകരിൽ അവബോധം ഉണ്ടാക്കാൻ ഈ ഒരു അധ്യാപക പരിശീലനത്തിന് കഴിഞ്ഞു. പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു  സ്കൂൾതല ഗാന്ധിദർശൻ പ്രവർത്തനങ്ങൾ ആരംഭിക്കാനായി നിർദ്ദേശം നൽകി.വാട്സാപ്പിലൂടെ കുട്ടികൾക്ക് ജയചന്ദ്രൻ സാറിൻറെ സാരോപദേശ കഥകൾ സെൻറ് ചെയ്യുവാനായി അധ്യാപകർക്ക് നിർദ്ദേശം നൽകി.
ഗാന്ധിദർശൻസ്കൂൾതല ഉദ്ഘാടനം
ഗാന്ധിദർശൻ സ്കൂൾതല ഉദ്ഘാടനം നടത്തിയത് ബഹുമാനപ്പെട്ട പിടിഎ പ്രസിഡൻറ് രജനിഅനിൽ മാഡം ആയിരുന്നു.
ഗാന്ധിദർശൻ രൂപരേഖയുടെ ഭാഗമായി 5/08/2022 വെള്ളിയാഴ്ച സ്വദേശി ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുന്നതായി കുട്ടികളെ അറിയിക്കുകയും അതിൻറെ ഭാഗമായി കുട്ടികൾ ഗാന്ധി ഫെസ്റ്റ് കാണാൻ പോവുകയും ചെയ്തു.




# നന്ദി

മാഗസിൻ തയ്യാറാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ആയ രേവതി ടീച്ചറിനും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ആയ സച്ചിൻ സാറിനും പ്രഥമ അദ്ധ്യാപിക മിനി ടീച്ചറിനും എല്ലാ അദ്ധ്യാപകർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.